# മരണത്തോടുള്ള സമീപനം

*ഞാൻ യഹോവയെ എല്ലാകാലത്തും വാഴ്ത്തും(സങ്കീ.34.1)*

കുറച്ചുദിവസംമുമ്പ് എന്റെ സഹപ്രവർത്തകയുടെ മാതാവിന്റെ ശവമടക്ക് ശുശ്രൂഷയിൽ ഞാൻ പങ്കെടുക്കുകയായിരുന്നു.ജഡം ഭവനത്തിൽനിന്നും എടുക്കുന്നതിനുമുമ്പായി ശുശ്രൂഷകന്റെ അനുവാദത്തോടെ ആ ഭവനത്തിലെ പിതാവ് സംസാരിക്കുവാനായി എഴുന്നേറ്റു നിന്നു. നിശ്ചലയായിക്കിടക്കുന്ന തന്റെ സഹധർമ്മിണിയുടെ ശവത്തിനരികിൽ നിന്ന് ദൈവനാമത്തിനു മഹത്വം കരേറ്റി അദ്ദേഹം സംസാരിച്ചുതുടങ്ങിയതിങ്ങനെയാണ്. തുച്ഛമായ വരുമാനത്തിൽ കുടുംബ ജീവിതം ആരംഭിച്ചവരാണു ഞങ്ങൾ.കുടുംബജീവിതത്തിൽ ചെറിയ പിണക്കങ്ങൾ ഉണ്ടായിട്ടുണ്ട്.എന്നാൽ എല്ലാ പ്രശ്നങ്ങളും ഒന്നിച്ച് ദൈവമുമ്പാകെ സമർപ്പിച്ച് ദൈവകൃപയ്ക്കായി യാചിച്ച് സ്തോത്രം ചെയ്തു ജീവിച്ചു. എല്ലാ വിധത്തിലും ദൈവം ഞങ്ങളെ അനുഗ്രഹിച്ചു. മരിക്കുന്നതിനുമുമ്പ് കിടക്കയിൽ കിടന്നുകൊണ്ട് തള്ളവിരൽപതിച്ച് അവളുടെ പെൻഷനും വാങ്ങി .ഇപ്പോൾ പ്രീയന്റെ നിത്യവാസ സ്ഥലത്തേക്കു ദൈവം അവളെ ക്ഷണിച്ചു.അധികെ താമസിയാതെ ഞാനും പോകും. സ്തോത്രം ഹല്ലേലുയ്യ അത് ഇടറിയ ശബ്ദമായിരുന്നുഎങ്കിലും ദൃഢതയോടെയാണ് അദ്ദേഹം ആ വാക്കുകൾ പറഞ്ഞത്. അവിടെ വന്നു ചേർന്ന എല്ലാവർക്കും അദ്ദേഹം നന്ദിയും രേഖപ്പെടുത്തി.

യഹോവ മാത്രമേ സ്തുതിക്കു യോഗ്യനായുള്ളു എന്നാണ് സങ്കീർത്തനക്കാരൻ പറയുന്നത്. എല്ലാക്കാലത്തിലും ഏത് സാഹചര്യത്തിലും അതായത് സന്തോഷത്തിന്റെ പകലിലും സന്താപത്തിന്റെ ഇരുണ്ട രാത്രിയിലും ദൈവത്തെ വാഴ്ത്തി സ്തുതിപ്പാൻ കഴിയണം. സ്തുതി എപ്പോഴും നാവിൻ മേലുണ്ടാകണം. നമ്മുടെ നാവിൽനിന്നു യരുന്ന സ്തോത്രസ്വരം മറ്റുള്ളവരെക്കൂടെ ദൈവത്തിങ്കലേക്ക് കൊണ്ടു വരുന്നതായി രിക്കണം. പരിപൂർണ്ണ ദൈവാശ്രയവും വിശ്വാസമുള്ളവർക്കു മാത്രമേ അതിനുകഴിയൂ. ഈ ലോകജീവിതത്തോട് സംതൃപ്തി നിറഞ്ഞ മനസ്സുമായി യാത്രപറയുവാൻ സാധിക്കുന്നുവെങ്കിൽ അത് ഈ ലോകജീവിതത്തിന്റെ മഹത്തായ അനുഭവത്തെയാണ് വ്യക്തമാക്കുന്നത്. അപ്പോൾമരണം സ്ഥാനക്കയറ്റത്തിനു തുല്യമായിരിക്കും എന്നറിയുക. ഇപ്രകാരമായാൽ നാം മരണത്തെ ഭയപ്പെടുന്ന വരായിട്ടല്ല മരണത്തെ പുഞ്ചിരിയോടെ

സമീപിക്കുന്നവരായിത്തീരും.മരണം സാധാരണ സംഭവമെന്ന നിലയിൽ കാണുകയും മരിച്ചതിനുശേഷമുള്ള കാര്യങ്ങൾ ദൃഢനിശ്ചയത്തോടെ വിശ്വസിക്കുകയും ചെയ്യുന്നുവെങ്കിൽ നമ്മുടെ പ്രീയപ്പെട്ടവരുടെ മരണത്തിൽ ആശയറ്റവരായിത്തീരുന്നില്ല. നാം സ്നേഹിക്കുന്നവരുടെ മരണം നമ്മെ ദുഖിപ്പിക്കുമെങ്കിലും നമ്മെ നിരാശയുള്ളവരാക്കിത്തീർക്കുകയില്ല. മരണം താൽക്കാലികമായ ഒരു വേർപാടാ ണെന്ന് നാം വിശ്വസിക്കേണം.

പ്രീയ വായനക്കാരേ ഭൗതീക സ്വത്തുക്കൾ തന്ന് ശത്രുവിന്റെ കയ്യിൽനിന്നും നമ്മെ രക്ഷിച്ച് ദയയോടെ നമ്മെ കാത്തു പാലിക്കുന്ന സ്വർഗ്ഗസ്ഥനായ ദൈവത്തിന് സ്തോത്രം ചെയ്യാം. ഈ ലോകജീവിതം സ്വർഗ്ഗീയാനുഭവങ്ങളാൽ സംതൃപ്തിയു



*Sis. Shanthamma Varghese*

**ശാന്തമ്മ വർഗീസ്**